# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.801** **30.10.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ബഡ്ജറ്റ് വിഹിതമായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികമായ പിന്നാക്കാവസ്ഥ മെച്ചപ്പെട്ടിട്ടില്ലായെന്ന കാര്യം വസ്തുതയാണോ; | (എ) | സർക്കാർ നടപ്പാക്കി വരുന്ന വിവിധ സാമൂഹ്യക്ഷേമ പരിപാടികൾ, സാമ്പത്തിക വികസന പരിപാടികൾ, വിദ്യാഭ്യാസ പരിപാടികൾ എന്നിവയുടെ ഫലമായി പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആരെയാണ് അതിനായി നിയോഗിച്ചിട്ടുള്ളത്; | (ബി) | പട്ടികവിഭാഗക്കാരുടെ സാമൂഹികവും, സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സ്ഥിതി അറിയിക്കുന്നതിനും വിലയിരുത്തുന്നതിന് Digital Survey നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പട്ടികജാതി വിഭാഗത്തിന്റെ സ്റ്റാർട്ട് അപ് സംരംഭമായ Mergious എന്ന സ്ഥാപനത്തെയാണ് ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനം വിലയിരുത്തുന്നതിന് നടത്തിയ സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനം വിലയിരുത്തുന്നതിനുള്ള സർവ്വേ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വാലിഡേഷൻ നടപടികൾ പൂർത്തിയായശേഷം റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഡി) | പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; നിലവിൽ എത്ര പേർക്കാണ് ഇത് നൽകുന്നത്; വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 30 വിദ്യാർത്ഥികൾക്ക് സ്വകാര്യ പരിശീലന കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസസ് പരിശീലനം നൽകുന്നതിനായി 'ലക്ഷ്യ' എന്ന പേരിൽ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ